LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യമേഖലയിൽ കരിമണൽ ഖനനം

178 (8014) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിൽ സമ്പൂർണമായുള്ള കരിമണൽ ഖനനം ചെയ്യുന്നതിനായി സ്വകാര്യ മേഖലയെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കരിമണൽ ഖനനം ചെയ്തെടുത്തശേഷം ഏതെല്ലാം വാണിജ്യ ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നത് ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈയിനത്തിൽ എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്നതിന്റെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കരിമണലിൽനിന്നും ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ, സിലിമനൈറ്റ് തുടങ്ങിയവ വേർതിരിച്ചെടുക്കുന്നു. കൂടാതെ ഇൽമനൈറ്റിൽനിന്നും ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിക്കുന്നു.

(സി) 2011-12 സാമ്പത്തിക വർഷം മുതൽ 2014 ജൂൺ മാസം വരെയുള്ള കാലത്തേക്ക് റോയൽറ്റി ഇനത്തിൽ 15,07,67,2417 രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ചെലവഴിച്ച തുക

179 (8015) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ നാല് സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) മലബാർ സ്പിന്നിംഗ് മില്ലിന് നവീകരണത്തിനായി എത്ര കോടി രൂപ ചെലവഴിച്ചു ;

(സി) പരുത്തി വാങ്ങുന്നതിലും നൂൽ വിൽക്കുന്നതിലും നഷ്ടം വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(ഡി) ടെക്സ്റ്റൈൽ കോർപ്പറേഷനിലെ കെട്ടകാര്യസ്ഥതയുടെ വിവരങ്ങൾ അന്വേഷിച്ച ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള നാല് സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം 4.92 കോടി രൂപ 2013-14-ലെ ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട്.

(ബി) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ നവീകരണത്തിനായി 0.30 കോടി രൂപയാണ് ചെലവഴിച്ചത്.

(സി) സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾക്കും കൂടി ചേർന്ന് പഞ്ഞി (പരുത്തി) വാങ്ങുന്നതിനുള്ള സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖേനയും ഭാരത സർക്കാർ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിൽ നിന്നുമാണ് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ പഞ്ഞി വാങ്ങുന്നത്. അതുപോലെ സെയിൽസ് കമ്മിറ്റി കൂട്ടായി ചേർന്ന് വില നിശ്ചയിച്ചാണ് നൂൽ വിൽക്കുന്നത്. പഞ്ഞിയുടെ വിപണി വിലയിൽ ക്രമാതീതമായുണ്ടാകുന്ന വർദ്ധനവും ക്രമാനുസരണമായി നൂൽ വിപണി വിലയിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുന്നതുംമൂലമാണ് നഷ്ടമുണ്ടാകുന്നത്. കുറഞ്ഞവിലയിൽ ഗുണനിലവാരം ഉള്ള പഞ്ഞി വാങ്ങിയാൽ നഷ്ടം പരിഹരിക്കാവുന്നതാണ്.

(ഡി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly